# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : കെ.കെ.എൻ.എം.എ.യു.പി.സ്കൂൾ ഏരുവേശ്ശി<br>ഏരുവേശ്ശി (പി.ഒ.)<br>കണ്ണൂർ ജില്ല<br>പിൻ –670632 |
| ഫോൺ | :8078274911 |
| സ്കൂൾ കോഡ് | : 13454 |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ |
| റവന്യൂ ജില്ല | : കണ്ണൂർ |
| ബി.ആർ.സി. | : ഇരിക്കൂർ |
| സി.ആർ.സി. | : ജി.യു.പി.എസ്.ഏരുവേശ്ശി |
| ഗ്രാമപഞ്ചായത്ത് | : ഏരുവേശ്ശി പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : ഇരിക്കൂർ |
| ജില്ലാപഞ്ചായത്ത് | : കണ്ണൂർ |
| നിയമസഭാമണ്ഡലം | : തളിപ്പറമ്പ |
| ലോകസഭാമണ്ഡലം | : കണ്ണൂർ |
| താലൂക്ക് | : തളിപ്പറമ്പ |
| വില്ലേജ് | : ഏരുവേശ്ശി |
| ഇ മെയിൽ ഐഡി | :kknmaups@gmail.com |

# ഉള്ളടക്കം


| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| സ്കൂൾ ചരിത്രം | 1 |
| സ്കൂൾ അഭിമുഖീകരിക്കുന്ന പരിമിതികളും പ്രശ്നങ്ങളും | 2 |
| കെട്ടിട രൂപരേഖ | |
| മികവുകൾ | |
| ജീവനക്കാർ,വിദ്യാർഥികൾ | |
| പൊതുലക്ഷ്യങ്ങൾ | |
| അക്കാദമിക പ്രവർത്തനങ്ങൾ | |
| ഭൗതീക പ്രവർത്തനങ്ങൾ | |
| സാമൂഹിക പ്രവർത്തനങ്ങൾ | |
| ഉപസംഹാരം | |
| സ്കൂൾ ചരിത്രം | |
| സ്കൂൾ അഭിമുഖീകരിക്കുന്ന പരിമിതികളും പ്രശ്നങ്ങളും | |
| കെട്ടിട രൂപരേഖ | |
| മികവുകൾ | |
| ജീവനക്കാർ,വിദ്യാർഥികൾ | |
| | |

## ആമുഖം

വിദ്യാലയത്തിന്റെ ഗുണതയെ നിർണ്ണയിക്കുന്ന ഘടകങ്ങളെയെല്ലാം വിലയിരുത്തി ഉചിതമായ വിദ്യാലയ വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കേ ത് ഓരോ വിദ്യാലയത്തിന്റെയും ചുമതലയാണ്. . പൊതുവിദ്യാഭ്യാസ സംരക്ഷണ യത്നത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം സാർഥകമാക്കാൻ ഞങ്ങളുടെ സ്ഥാപനത്തിന്റെ ഗുണമേന്മയെ ലക്ഷ്യം വച്ചു കൊ തയ്യാറാക്കിയതാണ് സമഗ്ര വിദ്യാലയ വികസന പദ്ധതി. ഞങ്ങളുടെ വിദ്യാലയം ഈ വർഷം (2025–26) നടപ്പിലാക്കേ പ്രവർത്തനങ്ങളുടെ രൂപരേഖ പി.ടി.എ യുടെ സഹകരണത്തോടെ തയ്യാറാക്കി സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നു.

# കെ.കെ.എൻ.എം.എ.യു.പി.സ്കൂൾ ഏരുവേശ്ശി

## വിദ്യാലയ വികസന പദ്ധതി

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1940 – കളിൽ സവർണ്ണരുടേയും ഉയർന്ന കുടുംബങ്ങളിലേയും വിരലിലെണ്ണാവുന്ന കുട്ടികൾ മാത്രം വിദ്യാഭ്യാസം നേടിക്കൊ ിരിക്കുന്ന കാലഘട്ടത്തിൽ ഈ ഗ്രാമത്തിലെ മുഴുവൻ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസ്സം നൽകുക എന്ന ഉദ്ദേശ്യത്തോടെ ശ്രീ.കെ.കെ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ 02.10.1944 –ൽ ഏരുവേശ്ശി എലിമെന്ററി സ്കൂൾ ആരംഭിച്ച് പ്രവർത്തനം തുടങ്ങി. പിന്നീട് 15.06.1984 മുതൽ ഏരുവേശ്ശി എ.യു.പി.സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു.
08.07.1996ൽ ഈവിദ്യാലയത്തിന്റെ സ്ഥാപക മാനേജരും പ്രഥമഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ.കെ.കെ.കുഞ്ഞിക്കണ്ണൻ മാസ്റ്ററുടെ നിര്യാണത്തെതുടർന്ന് അദ്ദേഹത്തിന്റെ സ്മരണാർത്ഥം വിദ്യാലയത്തിന്റെ പേര് കുഞ്ഞിക്കണ്ണൻ നമ്പ്യാർ മെമ്മോറിയൽ എ.യു.പി.സ്കൂൾ അതായത് ചുരുക്കി കെ.കെ.എൻ.എം.എ.യു.പി.സ്കൂൾ എന്നറിയപ്പെട്ടു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ കുട്ടികളുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ ഭൗതിക സാഹചര്യം ഒരുക്കുവാൻ സാധിച്ചിട്ടില്ല. കുടിവെള്ളപദ്ധതിയുടെ കാര്യത്തിലും കുട്ടികൾക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ജലസമൃദ്ധമായ കിണറും പമ്പുസെറ്റുകളും ഉ ങ്കിലും വിതരണ സൗകര്യം വളരെ പരിമിതമാണ്. എം.എൽ.എ.ഫ ് ഉപയോഗിച്ച് ഞങ്ങൾക്ക് കിട്ടിയ സ്മാർട്ട് ക്ലാസ് റൂമിലൂടെ ഐ.ടി. പഠനവും ക്ലാസ് റൂം പ്രവർത്തനങ്ങളും സുഗമമാക്കാൻ ഞങ്ങൾക്ക് സാധിക്കുന്ന ്.

ഒട്ടേറെ പരിമിതികളും പോരായ്മകളും ഉ ങ്കിലും ഇരിക്കൂർ ഉപജില്ലയിൽ മികച്ച അക്കാദമിക നിലവാരം കൈവരിക്കുന്ന വിദ്യാലയങ്ങളിലൊന്നാണ്. കഴിഞ്ഞ വർഷം എൽ.എസ്.എസ്., യു.എസ്.എസ്. , സംസ്കൃതം സ്കോളർഷിപ്പ് തുടങ്ങിയവയിലും ജില്ലാതല ക്വിസ് മത്സരത്തിലും ഉന്നത വിജയവും കരസ്ഥമാക്കുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടു ്. പി.ടി.എ.,എം.പി.ടി.എ. മാനേജ്മന്റ്,പൂർവ്വ അധ്യാപക വിദ്യാർത്ഥികൾ,ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ മികവിന്റെ കേന്ദ്രമായി മാറ്റാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ അക്കാദമിക മാസ്റ്റർപ്ലാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിമിതികളും

78 വർഷത്തിലേറെ പഴക്കമുള്ള ഈ സ്ഥാപനത്തിൽ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഏറ്റവും വലിയ പ്രശ്നം. സ്കൂൾ കോമ്പൗ ിന് പൂർണ്ണമായ ചുറ്റുമതിലും സംരക്ഷണ ഭിത്തിയുമില്ലാത്തത് വിദ്യാലയത്തിന്റെ പരിമിതിയാണ് . വിദ്യാലയത്തിന് മികച്ചൊരു കളിസ്ഥലമു ങ്കിലും കായികാധ്യാപകന്റെ അഭാവം കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുവാനും മത്സര ഇനങ്ങളിൽ മികവു കാട്ടുവാനും സാധിക്കുന്നില്ല .

# <u>മികവുകൾ</u>

| ക്രമ നമ്പർ | മികവുകൾ | എൽ.പി | യു.പി |
|---|---|---|---|
| 1 | സംസ്കൃതം സ്കോളർഷിപ്പ് | | V VI VII<br>2 1 2 |
| 2 | **L S S, U S S** | | 9 10 |
| | | | |
| **3** | കിസ് മത്സരങ്ങൾ<br>1. ശാസ്ത്ര ക്വിസ്<br>2.സാമൂഹ്യശാസ്ത്ര ക്വിസ്<br>3. ഗണിത പസിൽ<br>4.സിദ്ധരൂപോച്ചാരണം<br>5. ഗണിത ഗെയിം<br>6. ഗണിതം നമ്പർ ചാർട്ട് | ഉപജില്ലാതലം എ ഗ്രേഡ് | ഉപജില്ലാതലം എ ഗ്രേഡ്<br>ഉപജില്ലാതലം എ ഗ്രേഡ്<br>ഉപജില്ലാതലം എ ഗ്രേഡ്<br>ഉപജില്ലാതലം എ ഗ്രേഡ്<br>ഉപജില്ലാതലം എ ഗ്രേഡ് |

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ടീച്ചറുടെ പേര് | ആൺ/ പെൺ | തസ്തിക | യോഗ്യത | സർവ്വീസ് ദൈർഘ്യം |
|---|---|---|---|---|---|
| 1. | ആനി വിജയ് (ബിന്ദു) | പെൺ | എൽ പി എസ് ടി | പിഡിസി, ടിടിസി | 31 |
| 2. | വസന്തകുമാരി കെ എൻ | പെൺ | ഹെഡ്മിസ്ട്രസ് | ബി എസ് സി<br>ടി ടി സി | 26 |
| 3. | രമണി എം വി | പെൺ | എൽ പി എസ് ടി | BA BED | 21 |
| 4. | രഞ്ജിനി കെ പി | പെൺ | യു പി എസ് ടി | ബി എസ് സി<br>BED | 17 |
| 5. | മഞ്ജു കെ വി | പെൺ | ഫുൾ ടൈം സംസ്കൃതം | പ്രാക് ശാസ്ത്രി | 9 |
| 6. | സപ്ന ദിവാകരൻ | പെൺ | എൽ പി എസ് ടി | BA , T T C | 7 |
| 7. | ദീപ്തി കെ കെ | പെൺ | യു പി എസ് ടി | ബി എസ് സി<br>BED | 4 |
| 8. | അശ്വിൻ ദാസ് | ആൺ | പാർട്ട് ടൈം ഹിന്ദി | രാഷ്ട്ര ഭാഷാ പ്രവീൺ DLed | 7 |
| 9. | രമ്യ സി കെ | പെൺ | | Degree, PPTTC | 7 |
| 10. | ദിവ്യ എൻ കെ | പെൺ | | Degree, T T C (Montessori) | 3 |
| 11. | ശ്രീജിത്ത് ഇ പി | ആൺ | ഓഫീസ് അറ്റൻഡന്റ് | SSLC | 13 |
| 12. | വൃന്ദ വിജയൻ | പെൺ | എൽ പി എസ് ടി (ദിവസ വേതനം) | MA,TTC | 1 |

# കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്ലാസ് | ആൺ | പെൺ | ആകെ | എസ്.സി. | | എസ്.ടി. | | ഒ.ബി.സി. | | CWSN | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| I | 8 | 9 | 17 | 1 | 1 | 1 | 1 | 5 | 3 | 0 | 0 |
| II | 4 | 8 | 12 | 0 | 2 | 1 | 1 | 3 | 3 | 0 | 0 |
| III | 9 | 5 | 14 | 0 | 0 | 0 | 1 | 6 | 1 | 0 | 0 |
| IV | 4 | 7 | 11 | 1 | 1 | 0 | 1 | 1 | 2 | 0 | 0 |
| V | 8 | 9 | 17 | 2 | 0 | 0 | 1 | 3 | 2 | 0 | 0 |
| VI | 3 | 6 | 9 | 0 | 0 | 0 | 0 | 2 | 4 | 0 | 0 |
| VII | 10 | 6 | 16 | 1 | 0 | 0 | 0 | 5 | 4 | 0 | 0 |
| LKG | 5 | 4 | 9 | 0 | 0 | 1 | 0 | 1 | 2 | 0 | 0 |
| UKG | 10 | 2 | 12 | 0 | 0 | 0 | 0 | 5 | 1 | 0 | 0 |
| ആകെ | 61 | 56 | 117 | 5 | 4 | 3 | 5 | 31 | 23 | 0 | 0 |

## ലക്ഷ്യങ്ങൾ

ഓരോ കുട്ടിയുടേയും അളവിലും ഗുണത്തിലുമുള്ള വ്യത്യാസങ്ങൾ പരമാവധി പരിഗണിച്ച് ആരോഗ്യത്തോടെ വളരാനും നല്ലനിലയിൽ പഠിക്കാനും മികവാർന്ന വ്യക്തിയായി മാറാനും സമൂഹജീവിയായി ജീവിക്കാനുമുള്ള അവസരം ഒരുക്കിക്കൊ ് മികവിലേക്ക് മുന്നേറുവാൻ സഹായകമായ പഠന പിന്തുണ നൽകുക.

1. ഓരോ വിദ്യാർഥിയുടേയും നൈസർഗികകഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക.

2. എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.

3. കുട്ടികളിൽ ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിച്ചുകൊ ് ശാസ്ത്രപഠനം ശക്തിപ്പെടുത്തുക.

4. കുട്ടികളുടെ പ്രകൃതത്തിന് യോജിച്ച വിധത്തിൽ പ്രവർത്തനാധിഷ്ഠിതമായ ഗണിതപഠനം ഫലപ്രദമാക്കുക.

5. ഭിന്നശേഷികളുള്ള കുട്ടികളെ സവിശേഷമായി പരിഗണിച്ച് മാനുഷികവിഭവങ്ങളും സംവിധാനങ്ങളും ഒരുക്കുക.

6. സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.

7. സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുന്ന ഹൈടെക്ക് ക്ലാസ് മുറികൾ ഒരുക്കുക.

## മേഖല : അക്കാദമികം

| ക്രമ നമ്പർ | പേര് | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കാവ്യകേളി | കവിതാലാപനം<br>കവിതാരചന<br>കവിതാസ്വാദനം<br>സർഗാത്മക രചന | I-VII | .ഐസിടി സാധ്യതകളുപയോഗിച്ച് കവിതകൾ കേൾപ്പിക്കുന്നു. ഓരോ ക്ലാസിലെയും കവിതകൾ ആലപിക്കുവാനും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനും പ്രാപ്തരാക്കുക.ക്ലാസ് ലൈബ്രറിയിലേക്ക് അനുയോജ്യമായ കവിതാപുസ്തകങ്ങളുടെ ശേഖരണം ദിനാചരണവുമായി ബന്ധപ്പെട്ട് കവിതാലാപനരചനാമത്സരങ്ങൾ കവി അഭിമുഖം | 1 വർഷം | എസ്.ആർ.ജി.മലയാളം സബ്ജക്റ്റ് കൗൺസിൽ | 1000/- |
| 2 | | മലയാളത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്കുള്ള പഠന പിന്തുണ ഉറപ്പാക്കൽ | | വായനക്കാർഡ്, അക്ഷരക്കാർഡ്, കഥാ രചന | | | |
| 3<br><br><br><br><br><br><br>4 | Welcome to the world of English<br><br><br><br><br><br><br>E cube English | ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യൽ ഇംഗ്ലീഷിനോടുള്ള ഭയം അകറ്റൽ പാഠ പുസ്തകങ്ങൾക്കപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കൽ<br><br>(LSRW) | I-VII<br><br><br><br><br><br><br>I-VII | Loan words പരിചയപ്പെടൽ English day ICT resources English Diary, speech, story telling competitions Action songs, English newspaper, spoken English classes,collection of stories and poems in class library, English skit, English Assembly monthly exhibition choreography | 1വർഷം | എസ്.ആർ.ജി. ഇംഗ്ലീഷ് ക്ലബ് പിടി എ | 5000/- |
| 5 | ശാസ്ത്രത്തിന്റെ വിസ്മയലോകത്തേക്ക് | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക<br><br>നിരീക്ഷണ പാടവം വളർത്തുക<br><br>പരീക്ഷണങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക<br><br>ഉപകരണ നിർമ്മാണ വൈദഗ്ധ്യം | I-VII | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br><br>പഠനസാമഗ്രികളുടെ നിർമാണം വിസ്മയച്ചുമർ<br><br>ശാസ്ത്ര കിറ്റ് നിർമ്മാണം | 1വർഷം | ശാസ്ത്ര ക്ലബ്<br><br>പിടി എ<br><br>ശാസ്ത്ര അധ്യാപകർ | 10000/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മികച്ച<br>ശാസ്ത്രപുസ്തകങ്ങളുടെ<br>ശേഖരണം(ശാസ്ത്ര<br>ലൈബ്രറി),<br>വായന, ശാസ്ത്ര ക്വിസ്<br>മത്സരം<br>വിദഗ്ദ്ധരുടെ ക്ലാസുകൾ<br>ശില്പശാല<br><br>ഐ സി ടി സാധ്യത<br><br>മാസാവസാനവും<br>വർഷാവസാനവും<br>അവലോകനവും<br>പരിഹാരവും<br><br>ശലഭോദ്യാനം<br>ശാസ്ത്ര ലൈബ്രറി<br>നിർമാണം നിരീക്ഷണം<br>പച്ചക്കറിത്തോട്ടം<br>ഔഷധത്തോട്ടം<br>വിപുലീകരണം<br>സസ്യങ്ങളെ<br>പരിചയപ്പെടൽ | | | |
| **6** | | ഹിന്ദി കവിതാലാപന<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട ദൃ<br>ശ്യാഭ്യാസം<br><br>സുരീലി ഹിന്ദി | **V-VII** | ഹിന്ദി<br>കവിതാലാപനവുമായി<br>ബന്ധപ്പെട്ട ദൃശ്യാഭ്യാസം<br>ഹിന്ദി ക്ലബ് രൂപീകരണം<br>ഗ്രാമർ ക്ലാസ്,ഹിന്ദി<br>അസംബ്ലി ശില്പശാല | 1വർഷം | ക്ലബ് പി.ടി.എ<br>എസ്.എസ്.ജി<br>ഹിന്ദി ക്ലബ്ബ് | **2000/-** |
| **7** | | ചതുഷ്ക്രിയകളിൽ<br>പ്രാവീണ്യം ഉ ാക്കൽ<br>ദൈനംദിന ജീവിത<br>പ്രശ്നങ്ങൾ<br>പരിഹരിക്കുന്നതിനും<br>ഗണിതശേഷികൾ<br>നേടുന്നതിനും കഴിവ്<br>വളർത്തുക<br>ഗണിതാസ്വാദനം<br>കൃത്യത,സൂക്ഷ്മത | **I-VII** | pre-test SRG യിൽ<br>ചർച്ചപ്രവർത്തനകല ർ<br>തയ്യാറാക്കൽ.<br>ഉച്ചഭക്ഷണവുമായി<br>ബന്ധപ്പെട്ട് വാങ്ങുന്ന<br>സാധനങ്ങൾ, അവയുടെ<br>വിലയുമായി<br>ബന്ധപ്പെടുത്തി<br>ചതുഷ്ക്രിയകൾ<br>ചെയ്യിക്കുന്നു. അളവുകൾ<br>പരിചയപ്പെടുത്തുന്നു.<br>**Work sheet**<br>**ICT** സാധ്യതകൾ<br><br>പഠനോപകരണ<br>നിർമ്മാണം ചിത്രപാറ്റേൺ<br>ടാൻഗ്രം എന്നിവയിലൂടെ<br>ജ്യാമിതീയ<br>ലോകത്തിലെത്തിക്കൽ<br><br>ശില്പപശാല<br><br>ഗണിതപതിപ്പ് | 1വർഷം | ഗണിത ക്ലബ്<br><br>ഗണിതാധ്യാപകർ | **2000/-** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഗണിതകേളി | | | |
| **8** | നാടറിയാൻ | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ നാടിന്റെ ചരിത്രവും സാംസ്ക്കാരിക പൈതൃകവും അറിയുന്നതി നവോത്ഥാന നായകരെക്കുറിച്ച് വിവരശേഖരണം | **I-VII** | പഠന യാത്ര<br>അഭിമുഖം<br>വിവരശേഖരണം<br><br>പ്രാദേശിക ചരിത്ര നിർമ്മാണം,<br>പുഴയെ അറിയാൻ യാത്ര | 1വർഷം<br><br>1 വർഷം | പിടീഎ, എസ് എസ് ജി<br>ജനപ്രതി നിധികൾ<br><br>പ്രാദേശിക വിദഗ്ദ്ധർ<br>സാമൂഹ്യശാസ്ത്ര ക്ലബ് | **2000/-** |
| **9** | സ്കൂൾ പത്രം | സർഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കൽ രചനകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കൽ, കുട്ടികളുടെ മാതൃ ഭാഷാനിലവാരം ഉയർത്തൽ | **I-VII** | മികച്ച രചനകൾ ഒരുക്കൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തൽ<br><br>ചിത്രരചന<br><br>രചനകൾ പ്രസിദ്ധീകരിക്കൽ | 1 വർഷം | പിടി എ<br><br>ക്ലാസ് അധ്യാപകർ | **2000/-** |
| **10** | പ്രതിഭാപോഷണം | എൽ എസ് എസ്, യു എസ് എസ്, സംസ്കൃതം സ്കോളർഷിപ്പ്, സുഗമഹിന്ദി തുടങ്ങിയ മത്സരപരീക്ഷകളിൽ ഉയർന്ന വിജയം നേടുക. | 4ാം തരം (LSS)<br>7ാം തരം<br>5,6,7 (USS)<br>സംസ്കൃതം സ്കോളർഷിപ്പ്<br>സുഗമ ഹിന്ദ | .ക്ലാസ് റൂം പ്രവർത്തനങ്ങൾ പ്രത്യേക പരിശീലന ക്ലാസുകൾ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ ഐ.സി.ടീ.സാധ്യത പ്രയോജനപ്പെടുത്തൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണം മാതൃകാപരീക്ഷകൾ | | അധ്യാപകർ | **5000/-** |
| **11** | ഐ.ടി.പരിപോഷണം | വിദ്യാഭ്യാസ നിലവാരം ഉയർത്തി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കൽ | അധ്യാപകർ | പ്രത്യേക പരിശീലനങ്ങൾ | 1 വർഷം | എച്ച് എം മാനേജ്മന്റ് | **self** |
| **12** | സംസ്കൃതം | സംസ്കൃതഅസംബ്ലി സംസ്കൃതദിനാചരണം സംസ്കൃതപ്രാർത്ഥന അക്ഷര കാർഡ് അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരമാല പ്രദർശനം അക്ഷരമാല കളികൾ | **V-VII** | .ക്ലാസ്റൂം പ്രവർത്തനങ്ങൾ | 1 വർഷം | സംസ്കൃതം അധ്യാപിക | **2000** |

## മേഖല : ഭൗതികം

| ക്രമ നമ്പർ | പേര് | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | കളിസലം | സ്കൂൾ തലത്തിൽ കായിക ക്ഷമത ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | വിദ്യാലയം | കായിക പരിശീലനത്തിനായി സ്കൂൾ ഗ്രൗ ് സൈഡ് കെട്ടി സംരക്ഷിക്കൽ | 1വർഷം | മാനേജർ | 5000 |
| 2 | സംരക്ഷണ ഭിത്തി 1 വർഷം പിടി എ പഞ്ചായത്ത് | സ്കൂൾ സംരക്ഷണം ഉറപ്പാക്കൽ | വിദ്യാലയം | വിദ്യാലയത്ത ിന് സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള ഭിത്തി നിർമ്മിക്കൽ | 1 വർഷം | പിടി എ പഞ്ചായത്ത് | 5000000 |
| 3 | ടോയ്ലറ്റ് | ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | | ഗേൾസ് ഫ്ര ്ലി ടോയ്ലറ്റുകൾ | 1വർഷം | മാനേജർ | 200000 |
| 4. | ഉച്ചഭക്ഷണ ഹാൾ | കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കൽ | | ഹാൾ നിർമ്മാണം | 1വർഷം | മാനേജർ | 500000 |

## മേഖല : സാമൂഹികം

| ക്രമ നമ്പർ | പേര് | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ജനമനസ്സുകളിലേക്ക് | വിദ്യാലയത്തിന്റെഗുണനിലവാര മികവ് സമൂഹത്തിലെത്തിക്കുക.കുട്ടികളും അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഉറപ്പാക്കൽ. | വിദ്യാലയ സമൂഹം | ഗൃഹ സന്ദർശനം വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടപ്പിലാക്കൽ<br>**കോർണർ പിടി എ**<br>മികവുകളുടെ അവതരണം കുട്ടികളെ അറിയൽ സ്നേഹോഷ്മളമായ സ്വീകരണം മീഡിയ സമീപപ്രദേശങ്ങളിലെ മുഴുവൻ വിദ്യാർഥികളെയും നമ്മുടെ വിദ്യാലയത്തിലെത്തിക്കൽ | 1 വർഷം | P T A H M | 5000/- |
| 2 | ഓർമ്മത്തണലിൽ | മാതൃ വിദ്യാലയവുമായുള്ള സ്നേഹ ബന്ധം ഊട്ടിയുറപ്പിക്കൽ | പൂർവ്വ വിദ്യാകളും പൂർവ്വ അധ്യാപകരും | പൂർവ്വ അധ്യാപകരേയും പൂർവ്വവിദ്യാർത്ഥി കളെയും വിദ്യാലയാങ്കണത്തിലേക്ക് എത്തിക്കൽ സ്വീകരിക്കൽ ആദരിക്കൽ അനുമോദനച്ചടങ്ങ് കുട്ടികളുമായി അനുഭവങ്ങൾ പങ്കിടൽ | 1 വർഷം | പി ടി എ ജനപ്രതിനിധികൾ | 25000/- |

# തനത് മികവ് പ്രവർത്തനം

## ആരോഗ്യപരമായ നാളേക്ക് സുരക്ഷിതമായ ഭക്ഷണം

വിശപ്പിന്റേയും പട്ടിണിയുടേയും ദയനീയ മുഖങ്ങൾ ലോകത്തിൽ സമൂഹത്തിന്റെ മുൻപിൽ കൊ ുവരികയും ഭക്ഷ്യപ്രതിസന്ധിക്കും വിശപ്പിനുമെതിരായ പോരാട്ടത്തിൽ കുട്ടികളെ അണിചേർക്കുകയും കർഷിക സംസ്കാരം വളർത്തിയെടുക്കുന്നതി പ്രാപ്തരാക്കുകയും ചെയ്യുക. സാമൂഹ്യ പങ്കാളിത്തത്തോടെ ബോധ്വൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ കുട്ടികളെ സജ്ജരാക്കുവാൻ ഉതകുന്ന തരത്തിൽ ഓരോ ക്ലാസിലേയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

# ഉപസംഹാരം

സാമ്പത്തികമായി പിന്നോക്കമുള്ള ആളുകളുടെ കുട്ടികളാണ് ഇന്ന് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നത്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നത് വലിയ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം പൂർത്തീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഈ സ്ഥാപനം നിർവ്വഹിച്ചുകൊ ിരിക്കുകയാണ്. . സമീപത്തുള്ള സ്ഥാപനങ്ങൾ കെട്ടിലും മട്ടിലും ആകർഷകമാക്കുമ്പോൾ ഈ സ്ഥാപനവും അതുപോലെ മാറ്റിയെടുക്കുവാനും എല്ലാ പ്രവർത്തനങ്ങളും കാലാനുസൃതമായി മാനേജ്മന്റ് കൈക്കൊള്ളുന്ന ്. കുട്ടികളുടെ മാനസിക ശാരീരിക ഭൗതീക പുരോഗതിക്ക് ഉതകുന്ന തരത്തിൽ മെച്ചപ്പെട്ട ആധുനീക സൗകര്യങ്ങളോട് കൂടിയ പഠനാന്തരീക്ഷം ഈ സ്ഥാപനത്തിൽ ഇനിയും ഉ ാകേ തായിട്ടു ്. ആകർഷകമായ ഭൗതീക സാഹചര്യങ്ങളും മികവാർന്ന പഠനാന്തരീക്ഷവും ഒത്തിണക്കി ഈ നാട്ടിലെ മികച്ച വിദ്യാലയമായി മാറ്റുവാൻ സാധിക്കട്ടെ.അതിന് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ സഹായകമായിത്തീരട്ടെ.എല്ലാറ്റിനുമുപരി ഈ നാടിന്റെ ചരിത്രമുറങ്ങുന്ന ഈ പൊതുവിദ്യാലയത്തെ സംരക്ഷിക്കുവാൻ എല്ലാവരുടേയും ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുകൾ ഉ ാവുമെന്ന് പ്രതീക്ഷിക്കുന്നു.